## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1628 04.10.2016- ൽ മറുപടിക്ക്**

## "വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ "

**ചോദ്യം**

**ശ്രീ.ഹൈബി ഈഡൻ**
**,, പി.ടി. തോമസ്**
**,, എ.പി. അനിൽ കുമാർ**
**,, റോജി എം. ജോൺ**

**ഉത്തരം**

**ശ്രീ. ഇ.പി.ജയരാജൻ**
(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ തൊഴിലാളികൾക്ക് വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ; | എ) | വ്യവസായ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് നിക്ഷേപം ആകർഷിക്കുവാനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സംരംഭകത്വ സഹായ പദ്ധതി (ESS), PMEGP തുടങ്ങിയ സ്കീമുകൾ വഴി പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ ധനസഹായം നൽകുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു.<br>സംസ്ഥാനത്തെ കരകൗശല തൊഴിലാളികൾക്ക് അവരുടെ തൊഴിൽ നൈപുണ്യത്തിന് വേണ്ടിയുള്ള സാങ്കേതിക പരിശീലനം വിവിധ ജില്ലകളിൽ നൽകിവരുന്നുണ്ട്. |
| ബി) | എന്തെല്ലാം പുതിയ സംരംഭങ്ങളാണ് ഇതിനായി ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ബി) | വ്യവസായ മേഖലയിൽ ബഹുനില കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ചും, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും നിക്ഷേപം ആകർഷിക്കാൻ പദ്ധതിയുണ്ട്. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഇൻക്യുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതുവഴി പുതിയ സംരംഭകർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നു. ത്രിതല പഞ്ചായത്തുകൾ വ്യാവസായിക ആവശ്യങ്ങൾക്ക് വാങ്ങിയ ഭൂമിയിൽ ടി സ്ഥാപനങ്ങളുമായി ചേർന്ന് ബഹുനില കെട്ടിട സമുച്ചയങ്ങൾ പണിത് |

| | | | |
|---|---|---|---|
| | | | സംരംഭകർക്ക് നൽകാനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി ക്ലസ്റ്റർ സംരംഭങ്ങൾ ആരംഭിച്ച് സംരംഭകർക്ക് സഹായം നൽകി വരുന്നു. ഈ സ്കീമിൽ താഴെ പറയുന്ന അഞ്ച് പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>1) വുഡ് ക്ലസ്റ്റർ, ചടയമംഗലം, കൊല്ലം<br>2) ഫർണിച്ചർ ക്ലസ്റ്റർ, തളിപ്പറമ്പ്, കണ്ണൂർ<br>3) ഓഫ് സെറ്റ് പ്രിന്റേഴ്സ് ക്ലസ്റ്റർ, കണ്ണൂർ<br>4) ഫർണിച്ചർ ക്ലസ്റ്റർ, കോഴിക്കോട്<br>5) ട്രെഡീഷണൽ ഫർണിച്ചർ ക്ലസ്റ്റർ, ചെവ്വൂർ, തൃശ്ശൂർ<br>ഇതു കൂടാതെ കേന്ദ്ര സർക്കാരിന്റെ വാണിജ്യ മന്ത്രാലയത്തിൽ നിന്നും ഇന്നവേറ്റീവ് ഇന്റർനാഷണൽ ഫർണിച്ചർ ഹബ്ബ് പദ്ധതി നടപ്പിലാക്കുവാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. |
| സി) | ഏതൊക്കെ മേഖലകളാണ് ഇതിനു വേണ്ടി തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വിശദമാക്കുമോ? | സി) | എല്ലാ മേഖലകളിലും വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനു പ്രോത്സാഹനം നൽകുവാൻ ലക്ഷ്യമിടുന്നുവെങ്കിലും റബർ, പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന കാർഷിക ഉൽപന്നങ്ങൾ, ഭക്ഷ്യസംസ്കരണം, റെഡിമെയ്ഡ് ഗാർമെന്റ്സ്, മുള, ഈറ്റ, കൈത്തറി, കരകൗശലം തുടങ്ങിയ മേഖലകളിൽ ഊന്നൽ നൽകി വ്യവസായ വകുപ്പ് വഴി നേരിട്ട് സഹായം നൽകി വരുന്നു. ഇലക്ട്രോണിക്സ്, ഭക്ഷ്യ സംസ്കരണം പ്രതിരോധം, പ്ലാസ്റ്റിക് തുടങ്ങിയ മേഖലകളിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ കിൻഫ്ര നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**